Draft #1 of File 61640/EB6 SO/2020/EB 6 Approved by ASSISTANT REGISTRAR XI (EXAM) on 03-Jan-2021 07:24 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവകലാശാലാ പരീക്ഷകൾ - ഉത്തരക്കടലാസുകളുടെ മൂല്യ നിർണയത്തിനായി സ്കീമുകൾ തയ്യാറാക്കുന്ന അദ്ധ്യാപകർക്ക് സാക്ഷ്യപത്രം നൽകുന്നത് - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 37/EA 2/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 04.01.2021

---

*പരാമർശം:*-1. ആറ് ,നാല് സെമസ്റ്റർ ബി.കോം പരീക്ഷ മാർച്ച് 2020 ന്റെ ചെയർമാനായ ഡോ.വേണുഗോപാലൻ കെ.വി യുടെ 20.10.2020 തീയതിയിലെ കത്ത്.

2. സർവകലാശാലാ ഉത്തരവ് നമ്പർ 4524/EA 2/2020/ എം.ജി.യു തീയതി 06.10 .2020

3. വൈസ് ചാൻസലറുടെ 27.11.2020 തീയതിയിലെ ഉത്തരവ് .

**ഉത്തരവ്**

സർവകലാശാലാ പരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യ നിർണയത്തിനായി സ്കീമുകൾ തയ്യാറാക്കി നൽകുന്ന അധ്യാപകർക്ക് ആയത് സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് നൽകണമെന്ന് പരാമർശം (1) പ്രകാരം ബി.കോം മൂല്യനിർണയ സമിതി ചെയർമാൻ, ഡോ.വേണുഗോപാലൻ കെ.വി ആവശ്യപ്പെട്ടിരുന്നു. ഉത്തരക്കടലാസുകളുടെ മൂല്യനിർണയത്തിനായി സ്കീമുകൾ പലപ്പോഴും സമയബന്ധിതമായി ലഭിക്കുന്നില്ല എന്ന കാരണത്താൽ സ്കീമുകൾ തയ്യാറാക്കി നൽകുന്നതിന് സമയപരിധി നിശ്ചയിച്ചുകൊണ്ട് പരാമർശം (2) പ്രകാരം സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, പരാമർശം (2) സർവകലാശാല ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന സമയപരിധി പ്രകാരം സ്കീമുകൾ തയ്യാറാക്കി നൽകുന്ന അദ്ധ്യാപകർക്ക് ആയത് സംബന്ധിച്ച് സാക്ഷ്യപത്രം നൽകുന്നത് അംഗീകരിച്ചുകൊണ്ട് വൈസ് ചാൻസലർ പരാമർശം (3) പ്രകാരം ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകൃഷ്ണകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ / പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എമാർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

3. സി.ഇ സെക്ഷൻ / ഇ.ബി സെക്ഷനുകൾ

4. എ.ആർ /ഡി.ആർ /ജെ.ആർ (എക്സാം)

5. ഐ.ക്യു.എ.സി / കൺഡക്റ്റ് മാനേജ്മെൻറ് സെക്ഷൻ

6. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

File 61640/EB6 SO/2020/EB 6

Draft #1 of File 61640/EB6 SO/2020/EB 6 Approved by ASSISTANT REGISTRAR XI (EXAM) on 03-Jan-2021 07:24 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം